## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1926 | 13 - 06- 2019-ൽ മറുപടിക്ക്.

### സി-ഡിറ്റ് ജോലികൾക്ക് പുറം കരാർ

ചോദ്യം | മറുപടി

ശ്രീ. പാറക്കൽ അബ്ദുല്ല. | പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സി-ഡിറ്റ് ചെയ്തു കൊണ്ടിരിക്കുന്ന ജോലികൾ കൂട്ടമായി പുറം കരാർ നടപടിയിലൂടെ സ്വകാര്യ മേഖലയ്ക്ക് നൽകുന്ന സാഹചര്യമുണ്ടോ; | (എ) | ഇല്ല. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്കായി സി-ഡിറ്റ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് നൂതന സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സി-ഡിറ്റ് പുറമെ നിന്നുള്ള ഏജൻസികളുടെ സാങ്കേതിക സഹായം തേടുക മാത്രമാണുണ്ടായിട്ടുള്ളത്. |
| (ബി) | സി-ഡിറ്റ് ചെയ്തുകൊണ്ടിരിക്കുന്ന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പോർട്ടൽ നടത്തിപ്പ് , കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടികൾ എന്നീ പ്രവൃത്തികൾ ഇപ്പോൾ ആർക്കാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ ; | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പോർട്ടൽ നടത്തിപ്പ് ചുമതല സി-ഡിറ്റിനാണ്. കെ.എസ്.എഫ്.ഇ.യുടെ പ്രവാസിചിട്ടി പ്രോജക്ടിന്റെ ഭാഗമായി സിഡിറ്റ് ഏറ്റെടുത്ത സോഫ്റ്റ് വെയർ വികസന ജോലി പൂർത്തിയാക്കി വിന്യസിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ സി.സി.ടി.വി. നിരീക്ഷണവും ഇപ്പോൾ സ്വകാര്യ മേഖലയിൽ നൽകിയിരിക്കുകയാണോ; വ്യക്തമാക്കുമോ; | (സി) | ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സി.സി.ടി.വി സംവിധാനത്തിന്റെ പരിപാലനത്തിന് സി-ഡിറ്റിനെ ചുമതലപ്പെടുത്തുന്നതിനാണ് സംസ്ഥാന പോലീസ് മേധാവിക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. |
| (ഡി) | പതിറ്റാണ്ടുകളായി സർക്കാർ, സർക്കാരിതര പദ്ധതികൾ നല്ല നിലയിൽ ചെയ്തുപോന്ന സി-ഡിറ്റിൽ നിന്ന് പദ്ധതികൾ എടുത്തുമാറ്റുന്നതിന്റെ സാഹചര്യമെന്ത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | സി-ഡിറ്റിൽ നിന്നും പദ്ധതികൾ എടുത്തു മാറ്റുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ